വിഷയം: ആരോ പിന്നിലുണ്ട്

# കുഴിമാടത്തിനരികിൽ....

ചിതലരിച്ചോരീ പടിവാതിൽ
മനസ്സിൻ മറവിലായി ചാരിടവെ,
കണ്ടു ഞാൻ നേർത്ത പഴുതിലൂടെപ്പോൾ
നീ പൂട്ടിയ ഇമപ്പോളകൾ.
അന്നു ഞാൻ നിനക്കുനേർ അടച്ചൊരീ വാതിലും
ഇന്നുമെന്നെ നോക്കി തേങ്ങിക്കരയവെ,
കണ്ണിൽ തിളങ്ങിയ വജ്രക്കല്ലിൽ
കണ്ടു ഞാൻ നിൻ പ്രതിബിംബം.
അറിഞ്ഞില്ല എന്നിലെ വസന്തമായി
വിരിഞ്ഞ സൂനങ്ങൾ നീയായിരുന്നുവെന്ന്.
അറിഞ്ഞില്ല എന്നിലെ വിളക്കുമന്ന്
കരിന്തിരി കത്തിയമർന്നുവെന്ന്.
എൻ പിൻവിളിക്കായ് നീ കാതോർത്ത നിമിഷം
മറന്നുപോയി ഞാനുമിന്നൊരമ്മയെന്ന്.

രാവിൻ നിലാവായി നീ പുണരാനൊരുങ്ങവെ
പടർന്ന കരിമ്പടലമായ് ഞാൻ മാറവെ,
എൻ വാക്കിനൊരു മറുവാക്കില്ലാതെ
നടന്നു നീ ഞാനൊരു തേങ്ങലായി.
ഏതോ സായാഹ്നത്തിൻ തെരുവീഥിയിൽ
ആർക്കുമേ വേണ്ടാതാകുന്നൊരു ജഢമായ് നീ,
നെഞ്ചോടു ചേർത്തെൻ കുഞ്ഞുടുപ്പും
അതിൽ വിടരാത്ത മോഹങ്ങളുമായ് നീ മായവെ.
രാവിന്റെ മാറിൽ വിരിഞ്ഞ താരങ്ങളിൽ
കാണുന്നു നിന്നെയും നിൻ കിനാക്കളെയും,
നിശ്ചലമാം ആ തെരുവീഥികളിൽ
കേൾക്കുന്നു നീ മൂളിയ താരാട്ടുകൾ.
നീയുറങ്ങും മണ്ണിലലിഞ്ഞതെന്ന്
ഇന്നു ഞാനറിയുന്നുവെന്നും..
കഴിയുമോ? എങ്കിലും ഇന്നെൻ കിനാക്കൾ
കരുതുന്നു നിൻ കുഴിമാടത്തിനരികിൽ ഞാൻ.
അടച്ചോരാ പടിവാതിലിൻ പിന്നിൽ
അന്നു ഞാൻ കണ്ടോരാ ഒളിക്കണ്ണുകൾ,

60th Kerala School Kalolsavam, Nov 28 - Dec 1, 2019 _ Kasaragod

Item Code: 639 Participant Code: 9

എൻ മനസ്സിൻ തുമ്പിലൊന്നു തൊടാൻ ,
ഒരു നിഴലായ്, നിശബ്ദമായ് .
തേടുന്നു നിൻ കരങ്ങളെന്നെ,
കാറ്റിൻ തലോടലായ് ......
മണ്ണിൻ സുഗന്ധമായ് .......
മഴവില്ലിൻ മൗനമായ് .......
മഴയുടെ നറുമുത്തുകളായ് .....

---

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).